Talented Bankers Literary Panel
പുസ്തക പരിചയം 96

പരിചയപ്പെടുത്തുന്നത്,
അഭിലാഷ് പി
ബാങ്ക് ഓഫ് ബറോഡ
പെരിന്തൽമണ്ണ ശാഖ.

**എന്റെ പ്രിയപ്പെട്ട കഥകൾ**
**കാക്കനാടൻ**

'ഇന്നലെ അന്തരിച്ച Mr. X നെ നിങ്ങൾക്ക് എല്ലാവർക്കും അറിയാമല്ലോ . ജീവിതകാലം മുഴുവൻ മനുഷ്യരെ സ്നേഹിച്ച ആദ്ദേഹം പരമ സാത്വികനും പരിപൂർണ്ണ ഗുണവാനും ആയിരുന്നു . അദ്ദേഹത്തിന്റെ നിര്യാണത്തിൽ എന്റെയും എന്റെ കുടുംബത്തിന്റെയും അനുശോചനം അറിയിക്കുന്നു '

ഇങ്ങനെയൊരു അനുശോചനക്കുറിപ്പ് വായിച്ചാൽ മരിച്ചുപോയ ആളെ നമുക്ക് നഷ്ടബോധത്തോടെയേ ഓർക്കാൻ കഴിയൂ.

എന്നാൽ കാക്കനാടന്റെ കഥാപാത്രങ്ങൾ ഇത് കേട്ടാൽ കളിയാക്കി പൊട്ടിച്ചിരിക്കും, ചെവിക്കല്ല് പൊട്ടുംവിധം ആട്ടി തുപ്പും .

ഇങ്ങനൊരു മനുഷ്യൻ ഈ ഭൂമിയിൽ ജനിച്ചിട്ടേയില്ല എന്നവർ ആണയിടും .
ഒന്നുകിൽ അയാൾ ജനിച്ചിട്ടില്ല . അല്ലെങ്കിൽ നിങ്ങൾ അയാളെപ്പറ്റി കള്ളം പറഞ്ഞു .
കാരണം കാക്കനാടന്റെ ഏറ്റവും പാവം കഥാപാത്രം 'കാലപ്പഴക്ക' ത്തിലെ ഗോപാലപിള്ള സാറാണ് . അയാൾക്ക് പക്ഷേ ഈ ലോകത്തിൽ ഇനി അധികം നാളില്ല . സ്വന്തമായി വാങ്ങിയ ചെരുപ്പിന്റെ ഓർമ്മകൾ ലാളിച്ചുകൊണ്ട് അദ്ദേഹം അവസാന ദിവസങ്ങൾ തള്ളി നീക്കുന്നു .

'ഒറ്റയാനി'ലെ ബാലഗോപാലൻ ഇന്നത്തെ ലോകത്തിൽ പോലും ആളുകൾ അംഗീകരിക്കാൻ മടിക്കുന്ന സ്വവർഗ്ഗാനുരാഗിയാണ് . ആൺ അഹങ്കാരത്തിന് വേണ്ട ചേരുവകൾ എല്ലാം തികഞ്ഞവൻ . ഫുട്ബാൾ താരം . ഹോസ്റ്റലിലെ സ്കോട്ലൻഡ് യാർഡിൽ ബാലഗോപാലിന്റെ ശുപാർശയിൽ അംഗത്വം കിട്ടിയ ആൾ വേണു . കാരണം ബാലഗോപാലന്റെ പ്രേമം . ഒടുവിൽ എല്ലാവരാലും തിരസ്കരിക്കപ്പെട്ടു മെന്റൽ ഹോസ്പിറ്റലിൽ വച്ച് മരിച്ചു അയാൾ .
എതിർലിംഗ പ്രേമത്തിൽ എന്തെല്ലാം വികാരങ്ങൾ പ്രതിഫലിക്കുന്നുവോ അതെല്ലാം സ്വവർഗ്ഗാനുരാഗത്തിലും പ്രതിഫലിക്കുമെന്ന് എത്ര വ്യക്തമായാണ് കാക്കനാടൻ എഴുതുന്നത് .

വിരഹത്തിൻ വിഷമം ,തിരസ്കാരത്തിൽ ദേഷ്യം ...തികച്ചും തലയുടെ മാത്രം കളിയാണ് ലൈംഗികത എന്ന് വായനക്കാരനെ കൃത്യമായി കമ്മ്യൂണിക്കേറ്റ് ചെയ്യുന്നുണ്ട് .

'കുമിളകളി'ലെ നായകന് മരിക്കുമ്പോൾ വേണ്ടത് ഗംഗാജലമൊന്നുമല്ല . അയാൾക്ക് പാറ്റകളോടും റിക്ഷക്കാരോടുമേ വെറുപ്പുള്ളൂ . സ്നേഹം മറീനയിൽ കണ്ട തിരമാലയിൽ അടിച്ചു കയറിയ അസ്ഥികഷ്ണങ്ങളോടാണ് . അത് പേർഷ്യൻ സുന്ദരിമാരുടേതാണെന്ന് അയാൾ ധരിക്കുന്നു . അയാൾക്ക് മരിക്കുമ്പോൾ ജീവിതത്തിൽ തന്നോടൊപ്പമുണ്ടായിരുന്ന സുന്ദരികളായ സ്ത്രീകളിൽ ആരെങ്കിലും അടുത്തുണ്ടായാൽ മതി . ഷീലയോ ശാലിനി വർമ്മയോ ടീ house ൽ വച്ചു പരിചയപ്പെട്ട സുലോചനയോ ആരെങ്കിലും .

മനുഷ്യൻ അവന്റെ ഇല്ലായ്മകളെക്കുറിച്ചു പറയുകയാണെങ്കിൽ കാക്കനാടന്റെ കഥാപാത്രങ്ങൾ അട്ടഹസിച്ചു ചിരിക്കും .
'ഹർകിഷൻ ലാൽ സൂദിനെ ' നോക്കൂ .
ഒരു മാസത്തെ ശമ്പളം വാങ്ങിയാൽ കടംവാങ്ങിയതൊക്കെ തിരിച്ചു കൊടുത്ത ശേഷം അവശേഷിക്കുന്നത് ഏതാനും പൈസകളാണ് . അതിൽ അന്നത്തെ ഡൽഹിയിലെ വിലയിൽ ഒരു കാർട്ടറും കുറച്ചു സിഗരറ്റും വണ്ടിക്കൂലിയും കാണും .
അയാൾ പോകുന്ന വഴിയിൽ പൈസ വച്ച് ചീട്ടുകളിക്കുന്ന ക്ലബ്ബിൽ കയറി നൈസായി പാപ്പരാകുന്നു . എന്നിട്ട് എങ്ങനെയൊക്കെയോ വീട്ടിൽ എത്തുന്നു . ദീർഘകാലം അസുഖ ബാധിതയായിരുന്ന ഭാര്യ മരിക്കുന്നു . അവളുടെ ദേഹത്തു കിടന്ന് അയാൾ കരയുന്നു . അയാളുടെ വിഷമം എന്തെന്നാൽ ഇനിയുള്ള ദിവസം ഭാര്യയുടെ ആങ്ങളമാരുടെ കയ്യിൽനിന്ന് ആ വകയിൽ ചില്ലി കാശ് കിട്ടില്ല !!!.

'യുസഫ് സരായിയിലെ ചരസ് വ്യാപാരി ' പ്രത്യാശയുടെ വേറെ ലെവലാണ് .
ചരസ് കടത്തുന്നതിനിടെ പിടിക്കപ്പെട്ടു ആദിവാസികൾ അരിഞ്ഞു കളഞ്ഞ വലതു കൈപ്പത്തിയിലെ വിരലുകൾ കണ്ട് നമ്മുടെ ലഹരിയിറങ്ങും .കരയുന്ന ഞാൻ /നിങ്ങൾ പതറുമ്പോൾ ,ഞെട്ടുമ്പോൾ ,അലറുമ്പോൾ മുസാഫർഖാനെന്ന അജയ്യതയുടെ ശബ്ദം കേൾക്കുന്നു .
'സാരമില്ല സാബ് .ഇനിയും ഒരു കൈ ബാക്കിയുണ്ട് '.

'ചിതലുകളി'ൽ നാം ഒരു തുറമുഖ നഗരത്തിലേക്ക് വലിച്ചെറിയപ്പെടുന്നു .
അയർലീൻ എന്ന സുന്ദരിക്കുവേണ്ടി ആ തുറമുഖത്ത് കപ്പലുകൾ വരുന്നു .
അയർലീനെ തിന്ന് വളരുന്ന ഒരായിരം ചിതലുകൾ വേറെയുണ്ടായിരുന്നു നഗരത്തിൽ .
ഭർത്താവ് സേവ്യർ ,
അമ്മായിയമ്മ എന്ന ചിതൽ ,

രണ്ടു കുട്ടികൾ ,
അനേകം പിമ്പുകൾ ,
രത്നസഭാപതി എന്ന സെക്കൻഡ് എൻജിനീയർ ,
വോൾ എന്ന കടൽക്കാക്ക .
ഒടുവിൽ പോലീസ് പിടിച്ചത് അയർലീനെ മാത്രം .ചിതലുകൾ രക്ഷപെട്ടു .

'ഫിലോമിന ' എന്ന കഥ എല്ലാ എഴുത്തുകാർക്കും ഒരു പ്രലോഭനമാണ് . അത് എഴുത്തുകാരനെ ചരിത്രം വായിക്കാൻ നിർബന്ധിക്കും . ചരിത്രം ശക്തരായ മനുഷ്യരെ ,മനുഷ്യ കഥകളെ എങ്ങനെ സൃഷ്ടിക്കുന്നുവെന്ന് 'ഫിലോമിന' പറയും .
ഫിലോമിന ...
നിർവചിക്കാനും വിശേഷിപ്പിക്കാനും വയ്യാത്ത ഫിലോമിന .
എന്റെ നഗരത്തിലെ ..
ഓ ..ക്ഷമിക്കണം . അടിമ റാവുത്തരുടേയും കുട്ടപ്പന്റെയും ബുൾബുൾ ചന്ദ്രന്റെയും നഗരത്തിലെ .
മദാമ് ഡിഫാർഷ് ....
കാക്കനാടന് ശക്തയായ എല്ലാ സ്ത്രീകളും ഫിലോമിനയാണ് . ഉപ്പുരസമുള്ള തിരമാലകൾ ഫിലോമിനയിൽ തട്ടിച്ചിതറുന്നു . കയ്പ്പ് രസമുള്ള ഓർമ്മകൾ ഫിലോമിനയിൽ തട്ടിത്തകരുന്നു . എരിവുള്ള സമരങ്ങളുടെ തീപ്പൊരികൾ ഫിലോമിനയിൽ തട്ടിപ്പടരുന്നു . സമരത്തിന്റെ മുൻനിരയിൽ നിന്നു വെടിയേറ്റ് മരിച്ച ഫിലോമിനയെക്കുറിച്ചു എഴുത്തുകാരൻ ഇങ്ങനെയെഴുതുന്നു . ഭാരം താങ്ങാനാകാതെ വന്നപ്പോൾ മരിച്ചു . അല്ല ,അവളെ ഉൾക്കൊള്ളാനുള്ള കരുത്തു നിമേഷ്യസ് എന്ന കവിയുടെയും ഉണ്ണിയപ്പം എന്ന നേതാവിന്റെയും കാലഘട്ടത്തിന് ഇല്ലാതെ പോയതാണ് !.

ഒടുവിൽ നാം 'ഭ്രാന്ത് ' എന്ന കഥയിൽ എത്തുന്നു .
ജർമ്മനിയിലെ ഒരു നഗരത്തിൽ വച്ച് കണ്ടുമുട്ടുന്ന ഒരു ഇന്ത്യക്കാരനും മുപ്പത് വയസ്സ് കഴിഞ്ഞ സ്ത്രീയും .
അവർ ബസ് സ്റ്റോപ്പിൽ വച്ച് പരസ്പരം പരിചയപ്പെടുന്നു . അയാൾ അവളെ സ്വന്തം മുറിയിൽ ഒരു ഡ്രിങ്കിന് ക്ഷണിക്കുന്നു . സെക്സിനോട് ആക്രാന്തമുള്ള ഒരു ഇന്ത്യൻ തലയാണ് അതും . ഒടുവിൽ സ്ത്രീ അയാളെ സ്വന്തം വീട്ടിലേക്ക് കൊണ്ടുപോയി സെക്സിൽ ഏർപ്പെടുന്നു . ഇടയ്ക്കിടെ അയാൾ പുകഴ്ത്തുന്നുണ്ട് .കാര്യം കാണാൻ വേണ്ടി സ്നേഹിക്കുന്നു എന്ന് പറയുന്നുണ്ട് .
എല്ലാം കഴിഞ്ഞു അവൾ അയാളോട് പുറത്തു പോകാൻ ആജ്ഞാപിക്കുന്നു .
പേര് ചോദിക്കുമ്പോൾ പേര് അവിടെ പ്രാധാന്യമില്ലെന്നും തങ്ങൾ കാട്ടിക്കൂട്ടിയതിനെ ഭ്രാന്ത് എന്ന് വിളിക്കണമെന്നും പരിചയപ്പെടാൻ ശ്രമിക്കരുത് എന്ന് ഭയപ്പെടുത്തിയും അർദ്ധരാത്രിയിലെ മഞ്ഞിലേക്ക് ഇറക്കി വിടുന്നു .

ലൈംഗികത കാക്കനാടന്റെ എഴുത്തിലെ വള്ളിക്കുടിലാണ് (comfort zone) ആണെന്ന് പഠനങ്ങൾ നിരീക്ഷിക്കുന്നുണ്ട് . സത്യമാണ് . ഒരു വാക്കിൽ പോലും അശ്ലീലമാവാതെ എഴുതാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുമുണ്ട് .

നിരൂപകൻ ശ്രീ .MG ശശിഭൂഷൺ (ശ്രീ .ഗുപ്തൻ നായരുടെ മകൻ ) കാക്കനാടന്റെ കഥകളെക്കുറിച്ചു എഴുതിയ പഠനത്തിൽ അദ്ദേഹത്തിന്റെ എഴുത്തിനെ മൂന്നായി തിരിച്ചിട്ടുണ്ട് .
കാലപ്പഴക്കം, ഒറ്റയാൻ തുടങ്ങിയ കഥകൾ എഴുതിയ ആദ്യ ഘട്ടം ,
കുമിളകൾ തൊട്ട് ഭ്രാന്ത് വരെ എഴുതിയ രണ്ടാം ഘട്ടം ..
ശ്രീചക്രം ,അശ്വത്ഥാമാവ് ..തുടങ്ങിയ സൈക്കഡെലിക് കഥകൾ എഴുതിയ മൂന്നാം ഘട്ടം .
മൂന്നാം ഘട്ട കഥകൾ ഇവിടെ ചേർക്കുന്നില്ല . അത് വായിച്ചു തന്നെ അനുഭവിക്കണം .

പ്രസാധകർ : DC books
വില : Rs.80